**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4469** **10-08-2021 - ൽ മറുപടിയ്ക്ക്**

**കൃഷി ഉത്പന്നങ്ങൾ ഉപയോഗിച്ചുള്ള സംരംഭങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ് | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കൃഷി ഉത്പന്നങ്ങൾ ഉപയോഗിച്ചുള്ള സംരംഭങ്ങൾക്ക് ബ്രാൻഡിംഗ്, മാർക്കറ്റിംഗ്, റിസർച്ച്, ലേബലിംഗ്, ഡിജിറ്റൽ മാർക്കറ്റിംഗ് എന്നിവയ്ക്ക് സഹായം നൽകുന്ന ഏജൻസികൾ നിലവിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ) | കൃഷി ഉത്പന്നങ്ങൾ ഉപയോഗിച്ചുള്ള സംരംഭങ്ങൾക്ക് ബ്രാൻഡിംഗ്, മാർക്കറ്റിംഗ്, റിസർച്ച്, ലേബലിംഗ്, ഡിജിറ്റൽ മാർക്കറ്റിംഗ് എന്നിവയ്ക്ക് സഹായം നൽകുന്നതിന് കൃഷി വകുപ്പിന്റെ കീഴിൽ സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം എന്ന സ്ഥാപനം പ്രവർത്തിക്കുന്നു. കാർഷിക മേഖലയിലേക്ക് യുവാക്കളെ ഉൾപ്പെടെ ആകർഷിക്കുന്നതിനായി ഉൽപന്നങ്ങളുടെ മൂല്യവർദ്ധനവുമായി ബന്ധപ്പെട്ട് വിവിധ പദ്ധതികൾ കൃഷിവകുപ്പ് നടപ്പിലാക്കുന്നു. ഇടത്തര, ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിനായി 30 മുതൽ 50% വരെ സബ് സിഡി നിരക്കിൽ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് 4 കോടി രൂപ ഈ വർഷം വകയിരുത്തിയിട്ടുണ്ട്. കൂടാതെ ഓരോ ജില്ലയിലും ഭക്ഷ്യോൽപന്നങ്ങളുടെ മൂല്യവർധന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി 93 കോടി രൂപയും വ്യക്തിപരമായി പ്രോസസിംഗ് മെഷീനുകൾ വാങ്ങുന്നതിനായി 50% സബ്സിഡി നിരക്കിൽ 84 കോടി രൂപ ഈ വർഷം വകയിരുത്തിയിട്ടുണ്ട്. ഇതിനു പുറമേ 25 ഫാർമർ പൊഡ്യൂസർ കമ്പനികൾ ആരംഭിക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു. കാർഷികോൽപ്പാദനം, മൂല്യവർദ്ധനവ്, അവയുടെ വിപണനം എന്നിവയുടെ എല്ലാം ഏകോപനവും FPO കൾ ഉറപ്പാക്കുന്നതാണ്.സഹകരണ വകുപ്പുമായി ചേർന്ന് ഭക്ഷ്യോൽപ്പന്ന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭഘട്ടത്തിലാണ്. നഗര സംസ്കരണ കേന്ദ്രങ്ങൾ ശക്തിപെടുത്തൽ കണ്ടെയ്നർ മാതൃകയിലുള്ള സംസ്കരണ / വിപണന കേന്ദ്രം, സംസ്കരണ യൂണിറ്റ് സ്ഥാപിക്കൽ, സെക്കൻഡറി നഗര സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കൽ/ ഇൻക്യൂബേഷൻ കേന്ദ്രങ്ങൾ സ്ഥാപിക്കൽ, എന്നിവ ഈ വർഷം സഹകരണ വകുപ്പിലൂടെയും, കൃഷി വകുപ്പിലൂടെയും |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കുന്നു. കൂടാതെ 2020-21 വർഷത്തിൽ സ്റ്റാർട്ടപ്പുകൾ തുടങ്ങുന്നതിനായി 200 ലക്ഷം രൂപ വകകൊള്ളിച്ചിരുന്നു. വൈഗ 2021 -ന്റെ ഭാഗമായി സ്റ്റാർട്ടപ്പുകളെ സംഘടിപ്പിച്ചുകൊണ്ട് മാർക്കറ്റിംഗ് രംഗത്ത് ഓൺലൈൻ സംവിധാനം ഒരുക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ